**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **07-12-2022 - ൽ മറുപടിയ്ക്ക്**

**പശുക്കളുടെ എണ്ണം, പാൽ ഉൽപ്പാദനം ഇവ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലത്തെ പാൽ ഉൽപ്പാദനത്തിൽ ഉണ്ടായ വർദ്ധനവ് വർഷം തിരിച്ച് ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ 5 വർഷകാലങ്ങളിൽ പാൽ ഉത്പാദന രംഗത്ത് സംസ്ഥാനം സ്ഥിരത പുലർത്തിട്ടുണ്ട്. കൂടാതെ ക്ഷീര സഹകരണ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലത്തെ പാൽ ഉൽപ്പാദനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. ഈ കാലയളവിൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.<br><br><u>വർഷം പാൽ ഉൽപാദനം</u><br><br><u>(ലക്ഷം മെട്രിക് ടണ്ണിൽ)</u><br><br>2016-2017 25.20<br><br>2017-2018 25.76<br><br>2018-2019 25.49<br><br>2019-2020 25.42<br><br>2020-2021 25.34<br><br>ഈ കാലയളവിൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br><u>വർഷം പാൽ ഉൽപാദനം</u><br><br><u>(ലക്ഷം ലിറ്ററിൽ)</u><br><br>2016-2017 5.94<br><br>2017-2018 6.62<br><br>2018-2019 6.80 |

| | | | |
|---|---|---|---|
| | | | 2019-2020 6.79<br><br>2020-2021 7.12<br><br>2021-2022 7.73 |
| (ബി) | പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് , 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു.<br><br>പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br><br>**1.കന്നുക്കുട്ടിപരിപാലന – ഗോവർദ്ധിനി പദ്ധതി**<br><br>പശുക്കുട്ടികളെ ഭാവിയിലെ ഉൽപ്പാദന ക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിന് മൃഗസംരക്ഷണ വകുപ്പ് ശാസ്ത്രീയ കന്നുക്കുട്ടിപരിപാലന – ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലേക്ക് നടപ്പു സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിലൂടെ പശുക്കുട്ടികളുടെ ശാസ്ത്രീയമായ പരിചരണം ഉറപ്പ് വരുത്തുന്നു. അവയ്ക്ക് സബ്സിഡി നിരക്കിൽ തീറ്റ നൽകുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു.<br><br>**2.ഗോസമൃദ്ധി പദ്ധതി**<br><br>മൃഗസംരക്ഷണ വകുപ്പ് ക്ഷീര കർഷകർക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് പരിഹാരമായി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് (ഗോസമൃദ്ധി) പദ്ധതി നടപ്പിലാക്കി വരുന്നു. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പദ്ധതി നടപ്പിലാക്കുന്നു എന്നതാണ് ഇതിന്റെ മുഖ്യമായ ആകർഷണം. ഉരുക്കളുടെ മരണത്തിനും ഉൽപ്പാദന പ്രത്യുൽപ്പാദന ക്ഷമത നഷ്ടത്തിനുമുള്ള പരിരക്ഷയാണ് നൽകുന്നത് . 1 വർഷം, 3 വർഷം എന്നി കാലയളവുകളിലേക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. സമയബന്ധിതമായി നഷ്ടപരിഹാര തുക കർഷകന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ലഭിക്കുന്നു. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50% വും SC/ST വിഭാഗങ്ങളിൽ വരുന്ന ഗുണഭോക്താക്കൾക്ക് |

| | | | |
|---|---|---|---|
| | | | പ്രീമിയം തുകയുടെ 70% വും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നു.<br><br>**3. <u>കർഷകർക്ക് നഷ്ടപരിഹാരം</u>**<br><br>ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത കർഷകരുടെ ഉരുക്കൾ വ്യത്യസ്ത കാരണങ്ങൾ കൊണ്ട് മരണപ്പെട്ടാൽ അവയ്ക്കും മൃഗസംരക്ഷണ വകുപ്പ് വഴി നഷ്ട പരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ട് |
| (സി) | പ്രാദേശികമായ പ്രത്യേകതകൾ, തീറ്റപ്പുല്ലിന്റെ ലഭ്യത, മറ്റ് അനുയോജ്യ ഘടകങ്ങൾ എന്നിവ ശാസ്ത്രീയമായി പഠിച്ച് ഗ്രേഡിംഗ് നടത്തി 'ക്ഷീര വികസന ഗ്രാമങ്ങൾ' എന്ന നിലയിൽ കൂടുതൽ മികച്ച പദ്ധതികൾ നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | ക്ഷീര വികസന ഗ്രാമങ്ങൾ' എന്ന പേരിൽ ക്ഷീരവികസന വകുപ്പിൽ പദ്ധതികൾ ഇല്ല. |

സെക്ഷൻ ഓഫീസർ